**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3114** **07-10-2025 - ൽ മറുപടിയ്ക്ക്**

**കാരോട് കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കാരോട് കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (എ) | ചെങ്കൽ, കാരോട്, കുളത്തൂർ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തികൾക്ക് കിഫ്ബി വഴി 89.189 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പദ്ധതിയുടെ ഭാഗമായി പൂർത്തീകരിക്കേണ്ട വിവിധഘടകങ്ങൾ താഴെ പറയുന്നവയാണ്:<br>1. പൊൻവിളയിൽ 16 എം.എൽ.ഡി. ശേഷിയുള്ള ജല ശുദ്ധീകരണശാല.<br>2. മാവിളക്കടവിൽ 9.0 മീ. വ്യാസമുള്ള കിണറും പമ്പ്ഹൗസും.<br>3. പൊൻവിളയിൽ ജലശുദ്ധീകരണ ശാലയ്ക്കടുത്തായി സബ്സ്റ്റേഷൻ കെട്ടിടം.<br>4. ട്രാൻസ്ഫോർമറുകളും, പമ്പ് സെറ്റുകളും സ്ഥാപിക്കൽ.<br>5. പൊൻവിള, ചെങ്കൽ, കാരോട് എന്നിവിടങ്ങളിൽ 30, 17, 10 ലക്ഷം ലിറ്റർ വീതം സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണികൾ.<br>6. റോവാട്ടർ, ക്ലിയർ വാട്ടർ പമ്പിങ് മെയിൻ പൈപ്പ് ലൈനുകൾ,<br><br>പദ്ധതിയുടെ ഭാഗമായ ജലശുദ്ധീകരണശാല, കിണറും പമ്പ്ഹൗസും, പൊൻവിളയിൽ 30 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി, ട്രാൻസ്ഫോർമറുകൾ, പമ്പ് സെറ്റുകൾ തുടങ്ങിയവ ഉൾപ്പെടുന്ന ഒന്നാം പാക്കേജിന്റെ പ്രവൃത്തികൾ പുരോഗമിക്കുന്നു - 40% പൂർത്തിയായി.<br><br>ഈ പദ്ധതിയുടെ ഭാഗമായ പ്രധാന പൈപ്പ് ലൈനുകൾ സ്ഥാപിക്കലും, ഉദിയൻ കുളങ്ങരയിൽ 17 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണവുമുൾപ്പെടുന്ന രണ്ടാം പാക്കേജിന്റെ പ്രവൃത്തികളും പുരോഗമിക്കുകയാണ് - |

| | | | |
|---|---|---|---|
| | | | 50% ഇതിനോടകം പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കാരോട് പഞ്ചായത്തിൽ ജലസംഭരണി നിർമ്മിക്കാനായി കണ്ടെത്തിയ സ്ഥലത്തു രണ്ട് താൽക്കാലിക വീടുകൾ നിർമ്മിച്ചിട്ടുള്ളതായി കാണുന്നു. ഇത് മാറ്റി സ്ഥാപിച്ചാൽ മാത്രമേ ജലസംഭരണിയുടെ നിർമ്മാണം ആരംഭിക്കാനാവുകയുള്ളൂ.<br><br>ഈ പദ്ധതിയുടെ രണ്ടാം ഘട്ടമായി ജലജീവൻ മിഷനിലുൾപ്പെടുത്തി കുളത്തൂർ, ചെങ്കൽ, കാരോട് പഞ്ചായത്തുകളിൽ ജലവിതരണ ശൃംഖലകൾ സ്ഥാപിച്ച് കുടിവെള്ളകണക്ഷനുകൾ നൽകുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. പ്രവൃത്തിയുടെ പുരോഗതി യഥാക്രമം 75%, 83%, 80% എന്നിങ്ങനെയാണ്. ജലജീവൻ മിഷനിലുൾപ്പെടുത്തി കുളത്തൂർ പഞ്ചായത്തിലെ കുന്നംപുറത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന 15 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ ദർഘാസ് നടപടികൾ പൂർത്തിയായി. പ്രസ്തുത ജലസംഭരണി നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം കേരള ജലഅതോറിറ്റിയ്ക്ക് കൈമാറിക്കിട്ടുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനാവും. മാവിളക്കടവിൽ നെയ്യാറിനു കുറുകെ നിർമ്മിക്കാനുദ്ദേശിക്കുന്ന തടയണയുടെ ദർഘാസ് നടപടികൾ ഇറിഗേഷൻ വകുപ്പ് മുഖേന പുരോഗമിക്കുന്നു.<br><br>ജല ജീവൻ മിഷൻ കാലാവധി 2028 വരെ ദീർഘിപ്പിച്ചതായി കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതി 2026 ൽ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ